'എഴുത്തുകാരൻ തന്റെതന്നെ ആരാധകനും ഏററവും കടുത്ത ശത്രുവും ആയിരിക്കണം. താൻ പ്രസിദ്ധനോ അല്ലയോ എന്ന സംഗതി, എഴുതുമ്പോൾ അയാൾ മറക്കണം. എഴുത്ത് ആദ്യമായി തുടങ്ങുന്ന, അജ്ഞാതനായ, ഒരാളാണ് താനെന്ന മനോഭാവത്തോടെ വേണം എഴുത്തുകാരൻ ഓരോ കൃതിയും എഴുതാൻ. തുടക്കക്കാരനെന്ന മനോഭാവത്തോടെ മാത്രമേ അയാൾ സാഹിത്യപുരസ്കാരങ്ങൾ സ്വീകരിക്കാവൂ. സമ്മാനങ്ങൾ നശിക്കും; വലിയ എഴുത്തുകാരനു നാശമില്ല. സ്വന്തം കീർത്തിയെ പ്രണയിക്കുന്ന എഴുത്തുകാരൻ തുച്ഛതയുടെ പടുകുഴിയിൽ വീണുപോകുന്നു.'

ഗവൺമെന്റുകളോ, ബാങ്കർമാരോ, പോലീസുകാരോ, ആയുധങ്ങളോ, പട്ടാളക്കാരോ, പണമോ, ചൂഷണമോ ഇല്ലാത്ത ഒരു ലോകത്തിൽ ചെറുപ്പംമുതൽക്കേ താൻ വിശ്വസിച്ചിരുന്നതായി യെവ്തുഷെങ്കോ പറയുന്നു. അന്യരെ അപമാനിക്കുകയോ മർദിക്കുകയോചെയ്യാത്ത സ്വാതന്ത്ര്യമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. മററുള്ളവരുടെ ദുഃഖങ്ങളെ പൂർണമായും ഉൾക്കൊള്ളാൻ ഒരെഴുത്തുകാരനു കഴിയണം. നൂറുശതമാനം സുഖം വിഡ്ഢികൾക്കുമാത്രമേ കൈവരൂ.

'തനിക്കു നേടാൻ കഴിയുന്നതിലേറെ ആഗ്രഹിച്ച ഒരാൾ' എന്നാണ് യെവ്തുഷെങ്കോ സ്വയം വിവരിക്കുന്നത്. ഇത് എല്ലാ കലാകാരന്മാരുടേയും വിവരണംകൂടിയാണല്ലോ.

നിലവാരം താഴ്ത്താതിരിക്കുക, അതേസമയം സുഗ്രഹത്വം കൈവിടാതിരിക്കുക, ബഹുജനസമ്പർക്കത്തിൽ ശ്രദ്ധിക്കുക, ജനങ്ങളുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളുക, സ്വന്തം പാരമ്പര്യത്തിന്റെ ഏററവും നല്ല വശങ്ങൾ ഉൾക്കൊള്ളുക, ആധ്യാത്മികമൂല്യങ്ങളെ സർവോപരി മതിക്കുക സമകാലിക ലോക കവികൾക്കിടയിൽ ജനപ്രീതിയുടെ കാര്യത്തിൽ ഏററവും മുന്നണിയിൽ നിൽക്കുന്ന യെവ്തുഷെങ്കോ സഹോദരകവികൾക്ക് നൽകുന്ന ഉപദേശം ഇതാണ്. കേരളീയകവികൾ ഈ ഉപദേശത്തെപ്പററി ചിന്തിക്കുന്നതു കൊള്ളാം.

(ആധാരം ഫെബ്രുവരി 2—ലെ 'ഗ്രാൻമ'യിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം)

14 ഫെബ്രുവരി, 1986

# 69. ധീരതയുടെ ഒരു ഇതിഹാസം

സന്ദിഗ്ധമായ ഒരു നിമിഷത്തിൽ, മുൻപിൻ നോക്കാതെ, സാഹസകൃത്യങ്ങൾ ചെയ്യുന്നവരെയാണ് സാധാരണയായി നാം 'ധീരർ' എന്നു വാഴ്ത്തുന്നത്. ശത്രുക്കളാൽ വളയപ്പെട്ടപ്പോഴും, ഒററയ്ക്കുനിന്ന് എതിർത്ത് വിജയമോ മരണമോ വരിച്ച ഭടൻ, ഒലിച്ചുപോകുന്ന കുട്ടിയെ രക്ഷിക്കുന്നതിനായി, നീന്തലറിഞ്ഞുകൂടാതിരുന്നിട്ടും, ആററിലേക്കുചാടിയ സ്ത്രീ, ഭീകരപ്രവർത്തകർ തീവണ്ടിപ്പാലത്തിൽവെച്ച സ്ഫോടനോന്മുഖമായ, ബോംബ്, കാൽകൊണ്ടു തട്ടി പുഴയിലേക്കു വീഴ്ത്തിയ തൊഴിലാളി — ഇവരെയൊക്കെ നാം ധീരർ' എന്ന് കൊണ്ടാടും. കൊണ്ടാടേണ്ടതുമാണ്.

പക്ഷേ, നിശ്ചിതമായ മരണത്തെ എല്ലായ്പോഴും മുന്നിൽ കണ്ടുകൊണ്ട് പതിമ്മൂന്നു വർഷത്തോളം ജീവിക്കുകയും, ഈ കാലഘട്ടത്തെ വിദ്യാഭ്യാസരംഗത്തിലെ ഏററവും വലിയ സിദ്ധികൾ നേടുന്നതിനുവേണ്ടി ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും, ജീവിതാഹ്ലാദത്തിന്റെയും സ്നേഹത്തിന്റെയും പ്രകാശം തനിക്കുചുററും പരത്തുകയും, ഒടുവിൽ, ഒരു

പുഞ്ചിരിയോടെ ചിരപരിചിതമായ ഒരു സഖിയെന്നപോലെ മൃത്യുവിന് സ്വാഗതമോതുകയുംചെയ്ത ഒരു പെൺകുട്ടിയുടെ ധീരതയ്ക്കുമുമ്പിൽ, മുമ്പുപറഞ്ഞതരം ധീരതകളുടെ സ്ഥാനം ഒട്ടേറെ പിൻതള്ളപ്പെട്ടുപോകുന്നു.

അത്തരം അപൂർവ്വമായ ധീരതയായിരുന്നു 1985 മെയ് 12–ാം തീയതി മദ്രാസിൽവെച്ച് മുപ്പത്തൊന്നാംവയസ്സിൽ മരിച്ച ഡോക്ടർ വിജയലക്ഷ്മിയുടേത്.

ആ ധീരതയെപ്പററി നമ്മളെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. ജീവിതത്തിന് ഒരു പുതിയ അർത്ഥം, മനുഷ്യത്വത്തിന് ഒരു പുതിയ മാനം, നൽകുന്ന ഒന്നാണ് വിജയലക്ഷ്മിയുടെ ധീരത.

1972–ൽ തിരുച്ചിറപ്പള്ളിയിലെ ഒരു വനിതാകോളേജിൽ ഫിസിക്സ് എം.എസ്.സി. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കെ, വിജയലക്ഷ്മിയ്ക്ക് കൂടെക്കൂടെ അടിവയററിൽ കഠിനമായ വേദനയും അതിസാരവും അനുഭവപ്പെടാറുണ്ടായിരുന്നു. വേദനമൂലം അവൾക്ക് ബോധക്കേടു വരുകയും പതിവായിരുന്നു. ഒരു വർഷത്തോളം വിജയലക്ഷ്മി പല ഡോക്ടർമാരെയും കണ്ടു; പല മരുന്നുകൾ കഴിച്ചുനോക്കുകയുംചെയ്തു. അവൾക്കു ഗർഭമാണെന്നുപോലും ഒരു സ്ത്രീരോഗവിദഗ്ധ അഭിപ്രായപ്പെടുകയുണ്ടായി.

രണ്ടു വർഷം കഴിഞ്ഞ്, 1974–ൽ വിജയലക്ഷ്മിയുടെ വയററിൽ ശസ്ത്രക്രിയ നടത്തിയ ഒരു ഡോക്ടർ, അതിൽനിന്നു വലിയ ഒരു ട്യൂമർ നീക്കംചെയ്തു. ഈ ട്യൂമർ, ഡോക്ടർമാരുടെ ഭാഷയിൽ, 'മാലിഗ്നൻറ്' (ദ്രോഹകരം) ആയിരുന്നു; അതായത് ക്യാൻസർ(അർബുദ)രോഗത്തിന്റെ ഭാഗമായിരുന്നു. തുടർന്ന് വിജയലക്ഷ്മിയെ ചികിത്സയ്ക്കായി അഡയാറിലുള്ള ക്യാൻസർ ഇൻസ്റ്റിററ്യൂട്ടിൽ പ്രവേശിപ്പിച്ചു.

രോഗം മാരകമാണെന്ന് വിജയലക്ഷ്മി അറിഞ്ഞു. എന്നിട്ടും, തന്റെ വിധിക്കു കീഴടങ്ങാൻ ആ വിദ്യാർത്ഥിനി തയ്യാറല്ലായിരുന്നു. ആസ്പത്രിയിൽനിന്ന് ഏതാനും ദിവസം 'അവധി' എടുത്ത് വിജയലക്ഷ്മി സർവ്വകലാശാലയുടെ എം. എസ് സി. പരീക്ഷ എഴുതി; പ്രശംസാർഹമാംവണ്ണം വിജയിക്കുകയുംചെയ്തു.

1974 ജൂലൈയിൽ വിജയലക്ഷ്മിയുടെ വയററിൽ മറെറാരു ശസ്ത്രക്രിയകൂടി നടത്തി. ക്യാൻസർരോഗം ദേഹത്തിന്റെ മററവയവങ്ങളിലേക്കു വ്യാപിച്ചിരിക്കുന്നു എന്നും, അതിനാൽ ശസ്ത്രക്രിയ നിഷ്ഫലമാണെന്നുംകണ്ട്, ഡോക്ടർമാർ കീറിയ വയർ ചുമ്മാ തുന്നിക്കെട്ടുകയാണ് അപ്പോഴുണ്ടായത്. അവർ വിജയലക്ഷ്മിക്ക് ഔഷധചികിത്സ (കെമോതെറാപ്പി) നിശ്ചയിച്ചു. മരണത്തോട് അതിവേഗത്തിൽ അടുത്തുകൊണ്ടിരിക്കുകയാണ് താനെന്ന് വിജയലക്ഷ്മിക്ക് ബോധ്യമായി. തന്റെ ജീവിതത്തിൽ ഇനി ഏതാനും നാളുകൾമാത്രമേ അവശേഷിച്ചിട്ടുള്ളൂ.

ജീവിതത്തിൽ തനിക്കു ശേഷിച്ച ആ ദിവസങ്ങൾ എത്രമാത്രം വിലപ്പെട്ടവയാണെന്ന് വിജയലക്ഷ്മി ചിന്തിച്ചു. അവയെ ശരിക്ക് ഉപയോഗപ്പെടുത്തുകതന്നെവേണം. വിജ്ഞാനത്തിന്റെ ഉയർന്ന മേഖലകളിൽ അന്വേഷണപര്യടനം നടത്തുക എന്നതിനേക്കാൾ മഹത്തായ ജീവിതലക്ഷ്യം വേറെ എന്താണ്? അങ്ങനെ 1974 ആഗസ്റ്റിൽ വിജയലക്ഷ്മി, ചികിത്സയിലിരിക്കെത്തന്നെ, മദ്രാസ് സർവകലാശാലയിലെ സൈദ്ധാന്തികഭൗതിക (തിയററററിക്കൽ ഫിസിക്സ്) വിഭാഗത്തിൽ ഗവേഷണവിദ്യാർത്ഥിനിയായിച്ചേർന്നു.

ചികിത്സകൊണ്ടോ, പഠിപ്പിൽ മറെറല്ലാം മറന്നു മുഴുകിയതുകൊണ്ടോ, വിജയലക്ഷ്മിയുടെ രോഗത്തിന്റെ തീവ്രത കുറഞ്ഞുവന്നു. ഡോക്ടർമാർ അവളുടെ വയററിൽ വീണ്ടും ഒരു ശസ്ത്രക്രിയ നടത്തി; പഴയ ട്യൂമറിന്റെ അവശിഷ്ടഭാഗങ്ങളും എടുത്തുകളഞ്ഞു. മൂന്നു വർഷത്തേക്ക്

വിജയലക്ഷ്മിക്ക് ആരോഗ്യം പൂർണ്ണമായും തിരിച്ചുകിട്ടിയതുപോലെ തോന്നി. ആശയും ഉത്സാഹവും അവളുടെ ഹൃദയത്തിൽ നിറഞ്ഞു. തന്നോടൊപ്പം അതേ വകുപ്പിൽ ഗവേഷണം നടത്തിയിരുന്ന ജയരാമൻ എന്ന വിദ്യാർത്ഥിയുമായി അവരം പ്രണയത്തിലായി. 1978 ജനവരിയിൽ ജയരാമനുമായി അവളുടെ വിവാഹംനടന്നു. അവളുടെ രോഗചരിത്രം മുഴുവൻ ജയരാമന് അറിയാമായിരുന്നു. എങ്കിലും, ആശയങ്ങളിലും ആദർശങ്ങളിലും പഠനമണ്ഡലത്തിലുമുള്ള ഏകരൂപത ജയരാമനെ അവളിലേക്കടുപ്പിച്ചു. വിജയലക്ഷ്മിയുടെ അസാധാരണമായ മാനസികപക്വതയായിരുന്നു അവളെ വിവാഹംചെയ്യാൻ തന്നെ പ്രേരിപ്പിച്ച മററൊരു ഘടകം എന്ന് ശ്രീ ജയരാമൻ പറയുന്നു.

വിവാഹംകഴിഞ്ഞ് മൂന്നുമാസം ആകുംമുമ്പ് വിജയലക്ഷ്മിയുടെ രോഗം വീണ്ടും മൂർച്ഛിച്ചു. പനിയും ഇടത്തെ കാലിൽ ഞൊണ്ടലും ആയിരുന്നു ഇത്തവണ രോഗലക്ഷണങ്ങൾ. ക്യാൻസർ എല്ലുകളിൽ പടർന്നിരിക്കുന്നു എന്ന് എക്സ്റേ–പരിശോധനയിൽ തെളിഞ്ഞു. ക്രമേണ രോഗം യകൃത്തിലേക്കും (ലിവർ) മൂത്രാശയങ്ങളിലേക്കും (കിഡ്നി) വ്യാപിച്ചു. അവൾക്ക് എഴുന്നേററുനിൽക്കാൻതന്നെ പ്രയാസമായി. നടക്കാൻ വടിയുടെ സഹായം വേണ്ടിവന്നു. പലപ്പോഴും സഞ്ചാരം ചക്രക്കസേരയിലിരുന്നായി.

വിജയലക്ഷ്മിയുടെ വിജ്ഞാനഗവേഷണത്തിന് ഇതൊന്നും തടസ്സമായില്ല. ലാബറട്ടറിയിൽചെന്ന്, നിരീക്ഷണപരീക്ഷണങ്ങൾ നടത്തി, അവൾ പ്രബന്ധം തയ്യാറാക്കി. 1980 സെപ്തംബറിൽ സർവകലാശാലയ്ക്ക് അതു സമർപ്പിച്ചു. അതേവർഷം ഡിസംബറിൽ സർവകലാശാല വിജയലക്ഷ്മിക്ക് പി എച്ച്. ഡി. ബിരുദം നൽകുകയുംചെയ്തു. ആപേക്ഷികതരംഗസമീകരണങ്ങൾ (റിലേററിവിസ്റ്റിക് വേയ്വ് ഇക്വേഷൻസ്)ആയിരുന്നു പ്രബന്ധവിഷയം.

1982–ൽ വിജയലക്ഷ്മി തീരെ അവശയായി. ഒടുവിൽ 1985 മെയ് 12–ാം തീയതി ആ ജീവിതം അവസാനിച്ചു.

വിജയലക്ഷ്മിക്ക് ഈശ്വരനിലോ മതത്തിലോ വിശ്വാസമുണ്ടായിരുന്നില്ല. ഒരു ഭൗതികവാദിയായിരുന്ന അവൾ, പക്ഷേ, സയൻസിൽ വിശ്വസിച്ചു. ഇടതുപക്ഷച്ചായ്വുള്ള 'സ്റ്റുഡൻസ് ഫെഡറേഷൻ ഓഫ് ഇന്ത്യ' (എസ്. എഫ്. ഐ.) എന്ന വിദ്യാർത്ഥിസംഘടനയിൽ വിജയലക്ഷ്മിയും ജയരാമനും അംഗങ്ങളായിരുന്നു. സയൻസിലുള്ള വിശ്വാസവും രാഷ്ട്രീയാദർശങ്ങളും ആന്തരമായ ധൈര്യവുമാണ്, മരണത്തെ മുന്നിൽ കണ്ടുകൊണ്ട് പതിമ്മൂന്നു വർഷങ്ങളോളം വിജ്ഞാനസാധനയിൽ മുഴുകാനുള്ള ബലം വിജയലക്ഷ്മിക്കു നൽകിയതെന്ന് ഡോക്ടർ ജയരാമൻ കരുതുന്നു.

വിജയലക്ഷ്മിയുടെ ധീരതയെ ആദരിക്കുമ്പോൾത്തന്നെ, അവളുടെ രോഗാവസ്ഥയെപ്പററി പൂർണ്ണമായി അറിഞ്ഞുകൊണ്ടുതന്നെ അവളെ വിവാഹംചെയ്യുകയും, അവളുടെ യാതനകളിൽ ആശ്വാസം നൽകിക്കൊണ്ട്, അവളുടെ അന്ത്യനാളുകളെ സഹനീയങ്ങൾ മാത്രമല്ല സ്പൃഹണീയങ്ങൾകൂടി ആക്കുകയുംചെയ്ത ഡോ. ജയരാമനും നമ്മുടെ അഭിനന്ദനം അർഹിക്കുന്നു.

ധീരതയുടെ ഒരു അപൂർവ്വമാതൃകയാണ് ഈ യുവദമ്പതികൾ നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നത്.

14 ജൂലൈ, 1985